കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.27/1402/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി -15-07-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുലാമന്തോൾ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http.//aims.ksad.kerala.gov.in) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.എം.പി.എം.27/1402/2017 തിയ്യതി: 15-07-2017

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 14-10-2016 മുതൽ 13-06-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളിലേക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-6-2017 മുതൽ 22-6-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സി. അബ്ദുൾ ഗഫൂർ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. മൂസ.ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഷാജഹാൻ ഖുറൈശി.എം, സീനി. ഗ്രേഡ്. ഓഡിറ്റർ<br>ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.വി.പി.മുഹമ്മദ് ഹനീഫ | 1-4-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ .പി.കെ.ഖാലിദ് | 1-4-2016 മുതൽ 31-03-2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ശ്രീജിത്ത് | 1-4-2016 മുതൽ 12-06-2016 വരെ |
| | ശ്രീമതി ശ്രീരേഖ | 13-06-2016 മുതൽ 01-02-2017 വരെ |
| | ശ്രീ. ഉണ്ണികൃഷ്ണൻ. ആർ | 02-02-2017 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീ. റൂബി വിദ്യാധരൻ | 1-4-2016 മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി വിലാസിനി | 1-4-2016 മുതൽ 31-03-2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. മനോജ്.ടി. | 1-4-2016 മുതൽ 17-11-2016 വരെ |
| | ശ്രീമതി ജയചിത്ര. സി. | 18-11-2016 മുതൽ 31-03-2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അച്ചുതാനന്ദൻ. എ.കെ. | 1-4-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ദിവ്യ. പി.ടി. | 1-4-2016 മുതൽ 03-08-2016 വരെ |
| | ശ്രീ.ഡോ. ബവിത | 04-08-2016 മുതൽ 31-03-2017 വരെ |
| മെഡി.ഓഫീസർ (ജി.എ.ഡി.) | ഡോ.മനോജ് കുമാർ | 1-4-2016 മുതൽ 06-08-2016 വരെ |
| | ഡോ. മുഹമ്മദ് ഷാനവാസ് | 07-08-16 മുതൽ 24-09-16 വരെ |
| | ഡോ.ഷംസാദ് | 25-09-16 മുതൽ 31-03-2017 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. അരുൺ. വി | 1-4-2016 മുതൽ 31-03-2017 വരെ |
| അസി. സെക്രട്ടറി | ശ്രീമതി ഉമൈവ. ടി.ടി. | 1-4-2016 മുതൽ 31-05-2016 വരെ |
| | ശ്രീ.നാരായണൻ.എ.എം | 1-06-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.10 |
| | ഭാഗം 2 | |
| 11 | വിനോദ നികുതി ഈടാക്കിയതിൽ അപാകത | 2-1 |
| 12 | ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം | 2-2 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല. | 2-3 |
| 14 | തൊഴിൽ നികുതി റിട്ടേണുകൾ പൂർണ്ണമല്ല. | 2-4 |
| | ഭാഗം 3 | |
| 15 | റോഡ് പൊളിച്ച് നീക്കൽ . അധിക തുക നൽകി | 3-1 |
| 16 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 40767 രൂപ തിരികെ അടവാക്കി. | 3-2 |
| 17 | പാലൂർ കനാൽ ബാരിക്കേഡ് നിർമ്മാണം അധിക തുക നൽകി | 3-3 |
| 18 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി | 3-4 |
| 19 | ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി. ഭൂരിഭാഗവും ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ. | 3-5 |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-6 |
| 21 | റോഡ് പ്രവൃത്തികൾ സോളിങ്ങിൽ അവസാനിപ്പിക്കുന്നു. | 3-7 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നതിന് ധനസഹായം- അപാകതകൾ | 3-8 |
| 23 | ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല | 3-9 |
| 24 | ഗ്രാമ പഞ്ചായത്ത് പദ്ധതി ചെലവ്. അവലോകനം | 3-10 |
| 25 | ജൻഡർ പഞ്ചായത്ത്- ഫർണ്ണീച്ചർ വാങ്ങൽ അപാകത | 3-11 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവു തുക | 3-12 |

| | | |
|---|---|---|
| | ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. | |
| 27 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ, ഫർണ്ണിച്ചർ വിതരണം സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-13 |
| 28 | ഗ്രന്ഥശാലകൾക്ക് പുസ്തകം നൽകൽ ഡിസ്കൗണ്ട് തുക മുഴുവൻ ലഭ്യമായില്ല | 3-14 |
| 29 | മരുന്ന് ലഭ്യമാക്കിയില്ല- ചെലവ് തുക 200,000 രൂപ തടസ്സം ചെയ്യുന്നു | 3-15 |
| 30 | സാധനങ്ങൾ ലഭ്യമാക്കിയില്ല- ചെലവ് തുക 30,000 രൂപ തടസ്സം ചെയ്യുന്നു | 3-16 |
| 31 | ചെലവു രേഖകൾ ലഭ്യമാക്കിയില്ല- തുക 50,000 രൂപ തടസ്സം ചെയ്യുന്നു | 3-17 |
| 32 | മരുന്നുകൾ മുഴുവനും ലഭ്യമാക്കിയില്ല | 3-18 |
| 33 | രശീതികൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 3-19 |
| | ഭാഗം 4 | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4.5 |
| 39 | ഓഡിറ്റ് റിക്കവറി | 4.6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 29.03.2016 തിയതിയിലെ 01 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 07.06.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രികയിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിങ്ങ് രീതിയിലേക്ക് മാറുന്നതിന്ന് മുമ്പുള്ള എല്ലാ ആസ്തികളും മൂല്യ നിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 2016-17 ൽ ആർജ്ജിച്ച എല്ലാ ആസ്തികളും ഉൾപ്പെടുത്തി

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഇൻഫർമേഷൻ കേരള മിഷൻ സാംഖ്യ സോഫ്റ്റ്‌വെയറിൽ സാങ്കേതിക സംവിധാനം ഒരുക്കാത്തത് കൊണ്ടാണ് അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിങ്ങ് രീതിയിലേക്ക് മാറുന്നതിന്ന് മുമ്പുള്ള എല്ലാ ആസ്തികളും മൂല്യ നിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപെടുത്താൻ കഴിയാത്തതെന്നും, 2016-17 ൽ ആർജ്ജിച്ച എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്ന നടപടി പുരോഗമിച്ച് വരികയാണെന്നും ഗ്രാമ പഞ്ചായത്ത് മറുപടി ലഭ്യമാക്കി.

2. <u>വസ്തു നികുതി കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.</u>

വസ്തു നികുതി പരിഷ്കരണ നടപടികൾ നിലവിൽ പുരോഗമിച്ച് വരികയാണ്. നിലവിലുള്ള ഡാറ്റാ ബേസിൽ കണ്ടു വരുന്ന തെറ്റുകൾ പരിശോധിച്ച് ശരിയാക്കി വരുന്നത് കൊണ്ടാണ് കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാൻ കഴിയാത്തതെന്ന് ഗ്രാമ പഞ്ചായത്ത് മറുപടി ലഭ്യമാക്കി.

3. 2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക 1142480 രൂപയാണ്. എന്നാൽ 2016-17 വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക വരവ് 1560011 രൂപയുണ്ട്. കുടിശ്ശിക ഡിമാന്റിലും അധികരിച്ച് 417531 രൂപ വരവ് ഉണ്ട്.

2016-17 ൽ സാംഖ്യ സഞ്ചയ സോഫ്റ്റ്‌വെയറുകൾ ഇന്റഗ്രേഷൻ നടത്തിയത് മൂലമാണ് 2015-16 ൽ സാംഖ്യ പ്രകാരമുള്ള വസ്തു നികുതി കുടിശ്ശിക മാറ്റം വന്നത്. നിലവിൽ സഞ്ചയ പ്രകാരമുള്ള കുടിശ്ശിക ഡിമാന്റാണ് 2016-17 ധനകാര്യ പത്രികയിൽ ഉൾകൊള്ളിച്ചിരിക്കുന്നത് എന്ന് ഗ്രാമ പഞ്ചായത്ത് മറുപടി ലഭ്യമാക്കി.

## 1-4 <u>സാമ്പത്തിക വിശകലനം</u>

| വർഷം 2016-17 | |
|---|---|
| മുന്നിരിപ്പ് | 4508653 |
| വരവ് | 67388632 |
| ആകെ | 71897285 |
| ചെലവ് | 63526019 |
| നീക്കിയിരിപ്പ് | 8371266 |

## 1-5 <u>ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)</u>

| ഫണ്ടിനം | മുൻബാക്കി | വരവ് തുക (അലോട്ട്മെന്റ്) | ആകെ തുക | ചെലവ് തുക | നീക്കിബാക്കി/ ലാപ്സായ തുക | നീക്കിബാക്കി (RP 40 b പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13583646 | 13583646 | 13458866 | 124780 | 0 | 99.08 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5276355 | 5276355 | 5099194 | 177161 | 0 | 96.64 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 10086 | 10086 | 10086 | 0 | - | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8133366 | 8133366 | 7841173 | 292193 | 0 | 96.40 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3723114 | 3723114 | 3380627 | 342487 | 0 | 90.80 |

| | | | | | | | |
|---|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 7618488 | 7618488 | 7459601 | 158887 | 0 | 97.91 |
| ലോക ബാങ്ക് സഹായം | 0 | 3989339 | 3989339 | 3540120 | 449219 | 0 | 88.74 |
| MGNREGS | 0 | 8513458 | 8513458 | 8493389 | 20069 | 20069 | 99.76 |
| ബി. ഫണ്ട് | 0 | 50416250 | 50416250 | 50416250 | -- | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എ ണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 192 | 61442776 | 168 | 48741186 | 17 | 7 | 87.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ : ഇല്ല

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 62.09 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4151594 | 6398212 | 2246618 | 54.11 |
| നികുതിയേതര വരവുകൾ | 612220 | 1208381 | 596161 | 97.38 |
| മറ്റുവരവുകൾ | 254605 | 527636 | 273031 | 107.24 |
| ആകെ | 5018419 | 8134229 | 3115810 | 62.09 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 96,480 | 67 |
| കർഷകതൊഴിലാളി പെൻഷൻ | 67,79,840 | 749 |
| വിധവാപെൻഷൻ | 1,80,23,200 | 1592 |
| വാർദ്ധക്യകാലപെൻഷൻ | 1,88,01,415 | 1921 |
| വികലാംഗപെൻഷൻ | 81,72,315 | 478 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7,63,000 | 72 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 7,80,000 | 26 |

## 1-9 ക്യാഷ് ബാലൻസ് വേരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2017 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 81,940/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.06.2017<br>07.06.2017 | 04/2017<br>05/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.07.2008 മുതൽ 02.08.2008 വരെ | 1997-98 മുതൽ 2007-08വരെ | 25.09.2008 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വിനോദ നികുതി ഈടാക്കിയതിൽ അപാകത

1. പുലാമന്തോൾ ഷോപ്പിങ് ഫെസ്റ്റിന്റെ ഭാഗമായി 2016 ഒക്ടോബർ 7ാം തിയ്യതി മുതൽ അമ്യൂസ്മെന്റ് പാർക്ക് സംഘടിപ്പിച്ചതിന്റെ വിനോദ നികുതി , സംഘാടക സമിതി സമർപ്പിച്ച കണക്കിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കിയിട്ടുള്ളത്. പരിപാടിയുടെ ടിക്കറ്റുകൾ ഗ്രാമപഞ്ചായത്ത് സീൽ ചെയ്ത് നൽകാത്തതിനാൽ, ശരിയായ കളക്ഷൻ ബോധ്യപ്പെടാതെയാണ് വിനോദ നികുതി ഈടാക്കിയിട്ടുള്ളത് എന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

2. പുലാമന്തോൾ ഷോപ്പിങ് ഫെസ്റ്റിന്റെ ഭാഗമായി അമ്യൂസ്മെന്റ് പാർക്ക് സംഘടിപ്പിച്ചതിന്റെ വിനോദ നികുതി കോമ്പൗണ്ട് ചെയ്തത് നിയമപ്രകാരമല്ല.ആയതുമായി ബന്ധപ്പെട്ട് ഫയലുകൾ, ഗ്രാമപഞ്ചായത്ത് മിനട്സുകൾ എന്നിവ പരിശോധിച്ചതിൽ 1961-ലെ Kerala Local Authorities Entertainments Tax Act-ലെ 3(B) വകുപ്പ് പ്രകാരം അമ്യൂസ്മെന്റ് പാർക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് വിനോദ നികുതി കോമ്പൗണ്ട് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. മേൽ ആക്ടിലെ വകുപ്പ് 3(B) -യുടെ വിശദീകരണം 1 പ്രകാരം വിനോദത്തിന് വേണ്ടിയുള്ള സ്ഥിരം സംവിധാനങ്ങളാണ് ഇതിൽ ഉൾപ്പെടുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പരിപാടി പുലാമന്തോൾ ഷോപ്പിങ് ഫെസ്റ്റിന്റെ ഭാഗമായി നടന്നതും രണ്ടാഴ്ച്ച മാത്രം നീണ്ടുനിൽക്കുന്നതുമായ ഒരു താൽക്കാലിക സംവിധാനം മാത്രമാണ്. ആയതിനാൽ ഇത് 3(B) വകുപ്പ് പ്രകാരം അമ്യൂസ്മെന്റ് പാർക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തി വിനോദ നികുതി കോമ്പൗണ്ട് ചെയ്തത് നിയമപ്രകാരമല്ല.

3. പ്രസ്തുത പരിപാടിയുടെ വിനോദ നികുതി, സംഘാടക സമിതി 2016 ഒക്ടോബർ 7ാം തിയ്യതി സമർപ്പിച്ച കണക്കിന്റെ അടിസ്ഥാനത്തിൽ 12 ദിവസത്തേക്കാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ ആയത് 2016 ഒക്ടോബർ 7ാം തിയ്യതി മുതൽ 30 ാം തിയ്യതി വരെ (24 ദിവസം) നടത്താൻ കരാർ വെച്ചതായി രേഖകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യപ്പെട്ടു.

അപാകതകൾ ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 16/21.06.2016 ന് മറുപടി നൽകിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതും ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 2-2 ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിക്കുന്നു. ലൈസൻസ് എടുക്കേണ്ടതായ സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ഓരോ വർഷവും അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന്

മാത്രം ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്ന രീതിയാണ് തുടരുന്നത്. ഗ്രാമ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടത് സെക്രട്ടറിയുടെ ബാധ്യതയാണ്. ഫീൽഡ് പരിശോധന നടത്തി പൂർണ്ണമായ സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾക്ക് ഒരു സ്ഥിരം ലൈസൻസ് നമ്പർ നൽകി എല്ലാ വർഷവും ലൈസൻസ് പുതുക്കി നൽകേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (6/ 20.6.2017)ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

## 2-3 തൊഴിൽ നികുതി ഈടാക്കിയില്ല.

ചുവടെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (6/20.6.2017)ന് നൽകിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| പുലാമന്തോൾ ഫില്ലിങ് സ്റ്റേഷൻ | 2016-17 ഒന്നും രണ്ടും അർദ്ധ വർഷം |
| സൺ ഫ്യുവൽസ്, പുലാമന്തോൾ | 2016-17 ഒന്നും രണ്ടും അർദ്ധ വർഷം |
| ഫില്ലിങ് സ്റ്റേഷൻ, ഓണപ്പുട | 2016-17 ഒന്നും രണ്ടും അർദ്ധ വർഷം |

## 2-4 തൊഴിൽ നികുതി റിട്ടേണുകൾ പൂർണ്ണമല്ല.

ഗ്രാമ പഞ്ചായത്തിലെ ഏതാനും സ്ഥാപനങ്ങളിൽ നിന്നും അർദ്ധവർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത ജീവനക്കാർ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം റിട്ടേണുകളിൽ സൂചിപ്പിക്കേണ്ടതായിരുന്നു. അർദ്ധവർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാർ നികുതി അടവാക്കിയതിന്റെ വിശദ വിവരം റിട്ടേണുകളിൽ ഉൾപ്പെടുത്താൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (6/ 20.6.2017 )ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് പൊളിച്ച് നീക്കൽ . അധിക തുക നൽകി

പ്രൊജക്ട്. 209/2017 (400000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ 400000)

ബിൽ. 103/29.3.2017 തുക.295000

ബിൽ. 104/29.3.2017 തുക.292077

കരാറുകാരൻ. ശ്രീ കെ.പി.മൊയ്തീൻ, കരാർ തുക 587076.89

അളവ് പുസ്തകം. 145/16-17

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചെമ്മലശ്ശേരി പള്ള്യാൽകുളമ്പ് അഴുക്ക് ചാൽ നിർമ്മാണം എന്ന പ്രവൃത്തിയുടെ (209/17) 2-ാം ഇനമായി നിലവിലുള്ള സിമന്റ് കോൺക്രീറ്റ് റോഡ് പൊളിച്ച് മാറ്റുന്നതിന് 1302.53/ $m^3$ (DSR 15.3) പ്രകാരമാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. പ്രസ്തുത നിരക്ക് പ്രബലിത സിമന്റ് കോൺക്രീറ്റ് പൊളിച്ച് മാറ്റുന്നതിനുള്ള നിരക്കാണ്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഈ റോഡ് സിമന്റ് കോൺക്രീറ്റ് റോഡ് ആണ്. സിമന്റ് കോൺക്രീറ്റ് റോഡ് പൊളിക്കുന്നതിന് അനുവദനീയമായത് 550.59 $m^3$ (DSR 15.2.2) മാത്രമാണ്.

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10/20.6.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് , പ്രസ്തുത റോഡ് പ്രബലിത സിമന്റ് കോൺക്രീറ്റ് റോഡ് ആണ് എന്നും എസ്റ്റിമേറ്റിൽ സിമന്റ് കോൺക്രീറ്റ് റോഡ് എന്ന് തെറ്റായി ചേർത്തതാണ് എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. പ്രബലിത സിമന്റ്

കോൺക്രീറ്റ് റോഡ് ആയിരുന്നെങ്കിൽ റോഡ് പൊളിച്ചെടുക്കുമ്പോൾ സ്റ്റീൽ (കമ്പി) ലഭിക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അളവ് പുസ്തകത്തിൽ ആയത് സംബന്ധിച്ച വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

അധികം നൽകിയ 9175 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിചെയ്ത അളവ് | നൽകാവുന്ന തുക 550.52 / $m^3$ നിരക്കിൽ (ടെണ്ടർ കുറവ് കിഴിച്ച ശേഷം) | നൽകിയ തുക 1302.53 /$m^3$ നിരക്കിൽ (ടെണ്ടർ കുറവ് കിഴിച്ച ശേഷം) | അധികം |
|---|---|---|---|
| 12.20 / $m^3$ | 6716.34 | 15890.87 | 9174.53 |

## 3-2 <u>ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 40767 രൂപ തിരികെ അടവാക്കി.</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ അളവ് പുസ്തത്തിൽ രേഖപ്പെടുത്തിയ ചില ഇനങ്ങൾ ചെയ്തിട്ടില്ല എന്ന് 20.6.2017 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രസ്തുത പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ മനസ്സിലായി.

ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ തുക ഈടാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (10/20.6.2017, 14/21.6.2017) നൽകിയതിനെ തുടർന്ന് ഈ ഇനങ്ങൾക്ക് നൽകിയ തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്യാത്ത ഇനം | നൽകിയ തുക | കുറിപ്പുകൾ |
|---|---|---|---|
| ചെമ്മലശ്ശേരി പള്ള്യാൽ കുളമ്പ് അഴുക്ക് ചാൽ നിർമ്മാണം. 209/2017<br>കരാറുകാരൻ. ശ്രീ കെ.പി.മൊയ്തീൻ | ഇനം.7സിമന്റ് പ്ലാസ്റ്ററിങ് | 33061 | തുക തിരികെ അടവാക്കിയ റസീപ്റ്റ് നമ്പർ 117050102283/21.6.2017 |
| ചെട്ടിയങ്ങാടി അംഗൻവാടി ചുറ്റുമതിൽ നിർമ്മാണവും അറ്റകുറ്റപണികളും എന്ന പ്രവൃത്തി (115/17) | ഇനം.10<br>20mmdia GI പൈപ്പ്<br>സ്ഥാപിക്കാൻ എർത്ത് ട്രഞ്ചിങ് & റീഫില്ലിങ് | 7706 | തുക തിരികെ അടവാക്കിയ റസീപ്റ്റ് നമ്പർ 117050102284/21.6.2017 |
| ആകെ | | 40767 | |

## 3-3 <u>പാലൂർ കനാൽ ബാരിക്കേഡ് നിർമ്മാണം അധിക തുക നൽകി</u>

ബിൽ. 42/30.3.2017 തുക. 494707 (ലോക ബാങ്ക്സഹായം )

കൺവീനർ. ശ്രീ. വിശ്വനാഥൻ

അളവ് പുസ്തകം. 137/16-17

സാങ്കേതികാനുമതി. LSGD/TS/2016-17/9092 dt.18.2.2017

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പാലൂർ കനാൽ ബാരിക്കേഡ് നിർമ്മാണം

എന്ന പ്രവൃത്തിയിൽ (180/17) ഇനം 3 ആയി ബാരിക്കേഡ് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള സ്റ്റീൽ വർക്കിന് തെറ്റായ നിരക്ക് നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 28162രൂപ അധിക ചെലവ് വന്നിട്ടുണ്ട്.

മേൽ കാണിച്ച പ്രവൃത്തിക്ക് DSR10.2 ഡാറ്റ പ്രകാരം ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ DSR10.1 ഡാറ്റ പ്രകാരമുള്ള നിരക്കാണ് (Structural steel work in single section) ഈ പ്രവൃത്തിക്ക് അനുവദനീയമായിട്ടുള്ളത്. അധിക തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി ചെയ്ത അളവ് | നൽകാവുന്ന തുക<br>86.36/ Kg | നൽകിയ തുക<br>94.14/Kg<br>(ടെണ്ടർ കുറവ് കിഴിച്ച ശേഷം) | അധികം |
|---|---|---|---|
| 3619.781Kg | 312604 | 340766 | 28162 |

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 10/20.6.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് , ട്രസ്സ് വർക്കിന് സമാനമായ പ്രവൃത്തി ആയതിനാലാണ് DSR10.2 ഡാറ്റ പ്രകാരമുള്ള നിരക്ക് നൽകിയത് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. ട്രസ്സ് വർക്കിനു വേണ്ടി വരുന്ന സങ്കീർണ്ണമായ പ്രവൃത്തികളൊന്നും ബാരിക്കേഡ് നിർമ്മാണത്തിന് വേണ്ടി വരില്ല എന്ന് വ്യക്തമാണ്. (ഫോട്ടോ ഉള്ളടക്കം ചെയ്യുന്നു). ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധിക തുക 28162 രൂപ ഈടാക്കേണ്ടതാണ്.



## 3-4 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി

പ്രൊജക്റ്റ് . 109/17 400000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ. 76/27.3.2017 തുക. 399562 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

കൺവീനർ. ശ്രീ. എം. മുഹമ്മദ്

അളവ് പുസ്തകം. 109/16-17

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എടായിക്കൽ പാലം നിർമ്മാണം എന്ന പ്രവൃത്തിയിൽ (109/17) ഇനം 10 ആയി പാലത്തിന്റെ അബട്മെന്റ്, വിങ് വാൾ, പാരപ്പെറ്റ് എന്നിവിടങ്ങളിൽ 15cm കനത്തിൽ പ്ലാസ്റ്ററിങ് ചെയ്തതിനും, ഇനം 13 ആയി അപ്രോച്ച് റോഡ് പ്രതലത്തിൽ ക്വാറി പൊടി നിറച്ചതിനും തുക നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 20.6.2017 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ ഈ രണ്ട് ഇനങ്ങളും ചെയ്തിട്ടില്ല എന്ന് മനസ്സിലായി. ചെയ്യാത്ത പ്രവത്തികൾക്ക് തുക അനുവദിച്ചത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ചെയ്യാത്ത പ്രവൃത്തിക്കായി നൽകിയ തുക 14075 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | നൽകിയ തുക |
|---|---|---|---|---|
| 10 | 15cm കനത്തിൽ സിമന്റ് പ്ലാസ്റ്ററിങ് | 37.68$M^2$ | 241.12/$M^2$ | 9085.40 |
| 13 | ക്വാറി മക്ക് ഫില്ലിങ് | 6 $M^3$ | 831.58/$M^3$ | 4989.48 |
| | ആകെ | | | 14074.88 |

വിശദീകരണം ആവശ്യപ്പെട്ട് 10/20.6.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഇനം 10 പ്രകാരമുള്ള സിമന്റ് പ്ലാസ്റ്ററിങ് അടിയന്തിരമായി ചെയ്യിച്ച് കൊള്ളാമെന്നും, ക്വാറി മക്ക് ഫില്ല് ചെയ്തിരുന്നു എന്നും റോഡിന് പ്രതീക്ഷിച്ച ഉയരം ഇല്ലാത്തതിനാൽ വീണ്ടും മണ്ണ് നിറക്കുകയാണ് ഉണ്ടായതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്.

പ്രവൃത്തി അളവെടുത്തത് 23.3.2017 നാണ്. ആയതിന് ശേഷം ഏകദേശം 3 മാസം കഴിഞ്ഞ് ഓഡിറ്റ് ടീം പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് പോലും പ്രവത്തി ചെയ്തിട്ടില്ല എന്ന് മനസ്സിലായത്. ആയതിനാൽ പ്രവൃത്തി അടിയന്തിരമായി ചെയ്യിച്ച് കൊള്ളാമെന്നും, റോഡിന് പ്രതീക്ഷിച്ച ഉയരം ഇല്ലാത്തതിനാൽ വീണ്ടും മണ്ണ് നിറക്കുകയാണ് ഉണ്ടായതെന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ഇനി സ്വീകാര്യമല്ല. 14075 രൂപ ഈടാക്കേണ്ടതാണ്.

## 3-5 ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി. ഭൂരിഭാഗവും ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 20.6.2017 തീയ്യതി പരിശോധിക്കുകയുണ്ടായി. പരിശോധന വേളയിൽ 4 പ്രവൃത്തികളിൽ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും ചെയ്തിട്ടില്ല എന്ന് മനസ്സിലായി.

ഈ പ്രവൃത്തികളിൽ 3 എണ്ണവും നിർവ്വഹിച്ചിട്ടുള്ളത് ഗുണഭോക്തൃ സമിതി മുഖേനയാണ്. മുഴുവൻ പ്രവൃത്തികളും ഗുണനിലവാരത്തോടെ ചെയ്ത് തീർത്തതിന് ഗുണഭോക്തൃ സമിതി കൺവീനറെയും ചെയർമാനെയും യോഗം ചേർന്ന് അഭിനന്ദിച്ചതായും മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃ സമിതി പ്രവൃത്തികൾ കരാറുകാർ തന്നെയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് മനസ്സിലാവുന്നു. ബിനാമി പേരിൽ കരാറുകാർ പ്രവൃത്തി ചെയ്യുന്നത് അവസാനിപ്പിക്കേണ്ടതാണ്. കൂടാതെ ചെയ്യാത്ത പ്രവൃത്തികൾ ചെയ്തു എന്ന് കാണിച്ച് തെറ്റായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക നൽകുന്ന എഞ്ചിനീയറിംഗ് ജീവനക്കാരുടെ നടപടിയും പരിശോധന വിധേയമാക്കേണ്ടതാണ്.

ഓഡിറ്റ് സന്ദർശിച്ച പ്രവൃത്തികളിൽ എല്ലാം തന്നെ ചെയ്യാത്ത പ്രവൃത്തികൾക്ക് നിരക്ക് അനുവദിച്ചതായി കണ്ടതിനാൽ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ എല്ലാ മരാമത്ത് പ്രവൃത്തികളും നേരിൽ സന്ദർശിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പ്രവൃത്തികളും ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിക്കുന്നു. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്യാത്ത ഇനം | നൽകിയ തുക | കുറിപ്പുകൾ |
|---|---|---|---|
| ചെമ്മലശ്ശേരി പള്ള്യാൽ കുളമ്പ് അഴക്ക് ചാൽ നിർമ്മാണം. 209/2017<br>കരാറുകാരൻ. ശ്രീ കെ.പി.മൊയ്തീൻ | ഇനം 11. ഗ്രിൽ സ്ഥാപിക്കൽ | | ടെണ്ടർ തുകയിൽ പരിമിതപ്പെടുത്തി ബിൽ നൽകിയതിനാൽ അധിക തുക നല്കിയിട്ടില്ല |
| ,, | സിമന്റ് പ്ലാസ്റ്ററിങ് | 33061 | പ്രത്യേകം ഖണ്ഡികയായി പരാമർശിച്ചിട്ടുണ്ട്. |
| കിഴക്കേക്കര റോഡ് കോൺക്രീറ്റിങ്ങും വെള്ളക്കെട്ട് ഒഴിവാക്കലും | ഇനം 11. നെയിം ബോർഡ് സ്ഥാപിക്കൽ | 3000 | ടെണ്ടർ തുകയിൽ പരിമിതപ്പെടുത്തി ബിൽ നൽകിയതിനാൽ അധിക തുക നല്കിയിട്ടില്ല |
| എടായിക്കൽ പാലം നിർമ്മാണം (109/17)<br>കൺവീനർ. ശ്രീ. എം. മുഹമ്മദ് | ഇനം 10. സിമന്റ് പ്ലാസ്റ്ററിങ്<br>ഇനം 13. ക്വാറി മക്ക് ഫില്ലിങ് | 9085.40<br>4989.48 | പ്രത്യേകം ഖണ്ഡികയായി പരാമർശിച്ചിട്ടുണ്ട്. |

## 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രൊജക്ട്. 176/17 1400000 (ലോക ബാങ്ക് സഹായം)

ബിൽ. 1/25.1.2017 തുക. 856000

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതി പ്രകാരം 7 പ്രവൃത്തികൾക്കായി 856000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം, രസീത് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 3-7 റോഡ് പ്രവൃത്തികൾ സോളിങ്ങിൽ അവസാനിപ്പിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ 10 റോഡ് പ്രവൃത്തികൾ സോളിങ് മാത്രം ചെയ്ത് അവസാനിപ്പിച്ചിരിക്കുകയാണ്. പ്രസ്തുത റോഡ് പ്രവൃത്തികളിൽ ടാറിങ് നടത്തുന്നതിന് 2017-18 വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

സോളിങ് മാത്രം ചെയ്ത റോഡുകളിൽ ഗതാഗതം അനുവദിച്ചിട്ടുള്ളതിനാൽ ആയത് പൊട്ടി പൊളിഞ്ഞ് പോവാൻ

സാധ്യതയുണ്ട്. ഇത് കാരണം തുടർ വർഷങ്ങളിൽ പ്രസ്തുത റോഡുകളിൽ ടാറിങ്ങിനായി തുക വകയിരുത്തുമ്പോൾ വീണ്ടും പാച്ച് സോളിങ്ങ് ചെയ്യേണ്ടതായി വരും. ഇത് ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് അനാവശ്യമായി ചെലവഴിക്കുന്നതിന് കാരണമാവുന്നതാണ്. ആയതിനാൽ റോഡ് പ്രവൃത്തികൾ സോളിങ്ങിൽ മാത്രം അവസാനിപ്പിക്കാതെ ടാറിങ്ങ് കൂടി ചെയ്ത് പൂർണ്ണമായും ഉപയോഗപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | തുക |
|---|---|
| ഒറക്കോട് റോഡ് സോളിങ്ങ് (183/17) | 299556 |
| കോന്തൊടി റോഡ് സോളിങ്ങ് (103/17) | 125000 |
| പള്ളത്ത് റോഡ് സോളിങ്ങ് (89/17) | 70000 |
| കിഴക്കേക്കര അംഗൻവാടി റോഡ് സോളിങ്ങ് (173/17) | 12000 |
| കുനംകുറ്റി പള്ളി ഇടവഴി സോളിങ്ങ് (88/17) | 11000 |
| കുണ്ടറക്കൽപടി സ്രാമ്പിക്കൽ റോഡ് സോളിങ്ങ് (91/17) | 125000 |
| കുമ്മിണിക്കുന്ന് റോഡ് സോളിങ്ങ് (92/17) | 167000 |
| ഓട്പാറ കോളനി എൻ.കെ കുളമ്പ് ബൈപ്പാസ് റോഡ് സോളിങ്ങ് (104/17) | 178000 |
| ആലമ്പാറ പാറക്കടവ് റോഡ് സോളിങ്ങ് (169/17) | 130000 |

## 3-8 പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നതിന് ധനസഹായം- അപാകതകൾ

2016-17 -ൽ അസി. സെക്രട്ടറി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നതിന് ധനസഹായം (പ്രൊജക്ട് നം S0162/16-17) എന്ന പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന പ്രൊഫഷണൽ കോഴ്സിൽ പഠിക്കാത്ത 2 വിദ്യാർത്ഥിനികൾക്ക് ധനസഹായം നൽകിയതായി കാണുന്നു. (ബിൽ നം.9/16-17 തി.16.3.17)

| ക്രമ നം | വിദ്യാർത്ഥിനിയുടെ പേര് | പഠിക്കുന്ന കോഴ്സ് | നൽകിയ തുക |
|---|---|---|---|
| 1 | സുരഭി. പി.പി | ബി.എസ്.സി ബോട്ടണി<br>ഗവ: വനിത കോളേജ് മലപ്പുറം | 25000 |

| | | | |
|---|---|---|---|
| 2 | മഞ്ജിമ. എം.ടി | ബി.എ.ഹിസ്റ്ററി<br>ഗവ: കോളേജ് മങ്കട | 25000 |

സർക്കാർ ഉത്തരവ് (എം.എസ്) 4/2016 തസ്വഭവ. തി.11.1.2016 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നതിനാണ് ധനസഹായം നൽകാവുന്നത്. മേൽ ഉത്തരവ് മറികടന്ന് ആർട്സ്/സയൻസ് വിഷയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവുതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. (ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.3/20.6.2017 നൽകിയതിന് അനർഹമായി നൽകിയ തുക തിരിച്ചടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്).

## 3-9 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

2016-17 സെക്രട്ടറി നിർവ്വഹണം വാട്ടർ കണക്ഷൻ (ജനറൽ) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന 5 പേർക്ക് 4000 രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടു കാണുന്നില്ല.

| ക്രമ നം | പേര് | ബിൽ നം./തിയ്യതി |
|---|---|---|
| 1 | സൈതലവി കുരിത്തൊടി | 32/31.3.17 |
| 2 | അലവി പരപ്പിൽ | |
| 3 | ഹൈദർ തോണിക്കടവത്ത് | |
| 4 | മൈമൂന കൊണ്ടത്തൊടി | |
| 5 | കദീജ വെള്ളുത്തോടൻ | 35/31.3.17 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ടിയാളുകൾക്ക് നൽകിയ ചെലവു തുക 20000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. (ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.13/21.6.2017 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല)

## 3-10 ഗ്രാമ പഞ്ചായത്ത് പദ്ധതി ചെലവ് . അവലോകനം

ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ലോക ബാങ്ക് ധന സഹായം എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 4.233 കോടി രൂപയിൽ 4.07കോടി രൂപയും ചെലവഴിക്കുകയുണ്ടായി. ലഭ്യമായതിൽ 96.35% ഫണ്ടും ചെലവഴിച്ചിട്ടുണ്ട്.

മുഴുവൻ പ്രൊജക്ടുകളും സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ 15.45 ലക്ഷം രൂപ ലാപ്സായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് ലാപ്സായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ആകെ വരവ് തുക (അലോട്ട്മെന്റ്) | ചെലവ് തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 13583646 | 13458866 | 124780 |
| വികസന ഫണ്ട് (എസ്.സി.പി) | 5276355 | 5099194 | 177161 |
| വികസനഫണ്ട് (ടി.എസ്.പി) | 10086 | 10086 | 0 |

| | | | |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 8133366 | 7841173 | 292193 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3723114 | 3380627 | 342487 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 7618488 | 7459601 | 158887 |
| ലോക ബാങ്ക് സഹായം | 3989339 | 3540120 | 449219 |
| ആകെ | 42334394 | 40789667 | 1544727 |

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 3-11 ജൻഡർ പഞ്ചായത്ത്- ഫർണ്ണീച്ചർ വാങ്ങൽ അപാകത

2016-17 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ജൻഡർ പഞ്ചായത്ത് (പ്രൊജക്ട് നം 178/16-17) എന്ന പദ്ധതിയിൽ ഫർണ്ണീച്ചർ വാങ്ങുന്നതിനായി 50000 രൂപ വകയിരുത്തുകയും 43706 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (ബിൽ നം.33/31.3.17) ഫർണ്ണീച്ചർ വാങ്ങുന്നതിന് ക്ഷണിച്ച ക്വട്ടേഷനിൽ KPM സ്റ്റോർ ചെർപ്പുളശ്ശേരിയുടെ ക്വട്ടേഷനിൽ മാത്രമാണ് അംഗീകൃത സ്പെസിഫിക്കേഷനും സ്ഥാപനത്തിന്റെ ഒപ്പും സീലും രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളത്.

ലഭ്യമായ മറ്റ് 2 എണ്ണവും (Impact Enterprises, Sparco Enerprises) വ്യക്തമായ വിലാസമോ ഒപ്പോ സീലോ ഇല്ലാത്തതും സ്പെസിഫിക്കേഷൻ സൂചിപ്പിക്കാത്തതുമാണ്. ക്വട്ടേഷൻ നടപടിക്രമം പാലിക്കാതെ ഫർണ്ണീച്ചർ വാങ്ങിയത് ശരിയായ നടപടിയല്ല. (ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.12/21.6.2017 നൽകിയതിന് കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനാണ് സ്വീകരിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ലഭ്യമാക്കിയ 2 ക്വട്ടേഷനുകളും വ്യക്തത ഇല്ലാത്തതാണെന്നിരിക്കെ കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷനാണ് സ്വീകരിച്ചത് എന്ന മറുപടി സ്വീകാര്യമല്ല.)

## 3-12 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2016-17 നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല

| ക്രമ നം | വൗച്ചർ നം/ബിൽ നം /തി | തുക | ബില്ലിന്റെ വിവരം |
|---|---|---|---|
| 1 | ബിൽ നം.11/3.11.2016 | 57398 | IKM ന് നൽകിയ പ്രവർത്തന ഫണ്ട് (പ്രൊജക്ട് നം 067/17) |
| 2 | ബിൽ നം.10/3.11.2016 | 534627 | PMAY വീടുകൾക്ക് അധിക ധനസഹായം (ജനറൽ) |

| | | | |
|---|---|---|---|
| | | | പെരിന്തൽമണ്ണ ബ്ളോക്കിന് നൽകിയത്<br>(പ്രൊജക്ട് നം 65/17) |
| 3 | ബിൽ നം.12/3.11.2016 | 240000 | PMAY വീടുകൾക്ക് അധിക ധനസഹായം (പട്ടിക ജാതി)<br>പെരിന്തൽമണ്ണ ബ്ളോക്കിന് നൽകിയത്<br>(പ്രൊജക്ട് നം 66/17) |
| 4 | ബിൽ നം.18/21.2.2017 | 200000 | DPC Complex നിർമ്മാണത്തിന് നൽകിയത് |
| 5 | ബിൽ നം.9/3.11.2016 | 1539000 | SSA വിഹിതം അടവാക്കിയത് |

ആകെ 2571025

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/21.6.2017) വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നൽകിയത്. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ, ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ, ഫർണ്ണിച്ചർ വിതരണം സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രൊജക്ട്. എസ്.സി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കൽ (42/17)

ബിൽ. 3/15.2.2017 തുക. 156000

പ്രൊജക്ട്. എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ(41/17)

ബിൽ. 2/13.2.2017 തുക. 216770

നിർവ്വഹണം. ഹെഡ്മാസ്റ്റർ, ജി.എം.യു.പി സ്കൂൾ വളപുരം

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ, ഫർണ്ണിച്ചർ എന്നിവ വാങ്ങി നൽകുമ്പോൾ പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിൽ നിന്നോ മറ്റെതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല എന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയവർക്ക് പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിൽ നിന്ന് ഇതേ ആനുകൂല്യം ലഭ്യമായിട്ടില്ല എന്നതിന്റെ സാക്ഷ്യപത്രം ഉള്ളടക്കം ചെയ്തിട്ടില്ല.

1/16.6.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന്, ബ്ലോക്ക്തല ഓഫീസർക്ക് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ഇത് വരെയും മറുപടി ലഭ്യമാക്കിയിട്ടില്ല, കിട്ടുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്.

പ്രസ്തുത രേഖകൾ ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 3-14 ഗ്രന്ഥശാലകൾക്ക് പുസ്തകം നൽകൽ ഡിസ്കൗണ്ട് തുക മുഴുവൻ ലഭ്യമായില്ല.

പ്രൊജക്ട്. ഗ്രന്ഥശാലകൾക്ക് പുസ്തകം നൽകൽ (58/17)

തുക. 50000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ. ഹെഡ്മാസ്റ്റർ, ജി.എം.യു.പി സ്കൂൾ, വളപുരം

ബിൽ. 6/14.3.2017

ഗ്രന്ഥശാലകൾക്ക് പുസ്തകം നൽകൽ എന്ന പദ്ധതി പ്രകാരം ഹരിതം ബുക്സ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളത്. മലയാള പുസ്തകങ്ങൾക്ക് 45% ഇളവ് നൽകാമെന്ന് സ്ഥാപനം ഓഫർ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്ഥാപനത്തിൽ നിന്ന് പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ആകെ 72675 രൂപയുടെ പുസ്തകങ്ങൾ വാങ്ങിയതിന് 32704 രൂപ ഇളവ് ലഭിക്കേണ്ടതിന് പകരം 22675 രൂപ മാത്രമാണ് ഇളവ് ലഭിച്ചിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് 1/15-06-2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, അവശേഷിക്കുന്ന മുഴുവൻ തുകക്കുമുള്ള പുസ്തകങ്ങൾ ലഭ്യമായിട്ടുണ്ടെന്നും വൗച്ചർ ഇതൊന്നിച്ച് ഹാജരാക്കുന്നു എന്നും മറുപടി നൽകി. എന്നാൽ 10350 രൂപയുടെ പുസ്തകങ്ങൾ വാങ്ങിയതിന്റെ ബില്ല് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. പ്രസ്തുത പുസ്തകങ്ങൾക്ക് മേൽ പരാമർശിച്ച പ്രകാരം 45% ഇളവ് ലഭ്യമായിട്ടുമില്ല.

ലഭ്യമായ മുഴുവൻ പുസ്തകങ്ങൾക്കും സ്ഥാപനം വാഗ്ദാനം ചെയ്ത നിരക്കിൽ ഇളവ് ലഭിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് 4336 രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക | 45% നിരക്കിൽ ഡിസ്കൗണ്ട് തുക | ഡിസ്കൗണ്ട് കഴിച്ച് സ്ഥാപനത്തിന് നൽകേണ്ടിയിരുന്ന തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|
| 1) HAR 2017/004<br>Dt.7.3.2017,<br>Rs.72675<br>2) ബിൽ 1742 Dt nil<br>Rs.10350 | 83025 | 37361 | 45664<br>(83025 – 37361) | 50000 | 4336 |

അധിക തുക ഈടാക്കുകയോ അല്ലാത്ത പക്ഷം 45% ഇളവ് കഴിച്ച ശേഷം 4336 രൂപ അറ്റ തുക വരുന്ന തരത്തിൽ 7884 രൂപയുടെ പുസ്തകങ്ങൾ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 3-15 മരുന്ന് ലഭ്യമാക്കിയില്ല- ചെലവ് തുക 200,000 രൂപ തടസ്സം ചെയ്യുന്നു

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണം നടത്തിയ, " ചെമ്മലശ്ശേരി പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ" എന്ന പദ്ധതി (S0025/2017) പ്രകാരം മെയിന്റനൻസ് ഫണ്ട് (റോഡിതരം)ൽ നിന്ന് 200,000 രൂപ പിൻവലിച്ച് 25.03.2017 ന് KMSCL ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നത് വരെ ചെലവ് തുക 2,00,000 രൂപ തടസ്സം ചെയ്യുന്നു. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (7/ 20.6.2017) ന് നൽകിയ മറുപടിയിൽ ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു.

## 3-16 സാധനങ്ങൾ ലഭ്യമാക്കിയില്ല- ചെലവ് തുക 30,000 രൂപ തടസ്സം ചെയ്യുന്നു

മെഡിക്കൽ ഓഫീസർ (PHC) നിർവ്വഹണം നടത്തിയ, "പരിരക്ഷ- പാലിയേറ്റീവ് കെയർ" എന്ന പദ്ധതി (S0024/2017)യുടെ ഭാഗമായി പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് വികസനഫണ്ട് (പൊതുവിഭാഗം)ൽ നിന്ന് 30,000 രൂപ പിൻവലിച്ച് 25.03.2017 ന് KMSCL ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സാധനങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നത് വരെ ചെലവ് തുക 30,000 രൂപ തടസ്സം ചെയ്യുന്നു. സാധനങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (7/20.6.2017)ന് നൽകിയ മറുപടിയിൽ ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു.

## 3-17 ചെലവു രേഖകൾ ലഭ്യമാക്കിയില്ല- തുക 50,000 രൂപ തടസ്സം ചെയ്യുന്നു

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ, "തെരുവ് നായ്ക്കളുടെ നിയന്ത്രണം" എന്ന പദ്ധതി (S0049/2017)പ്രകാരം വികസനഫണ്ട്(പൊതുവിഭാഗം)ൽ നിന്ന് 50,000 രൂപ പിൻവലിച്ച് 28.02.2017ന് മൃഗസംരക്ഷണ വകുപ്പ് മലപ്പുറം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 50,000 രൂപ തടസ്സം ചെയ്യുന്നു. അപാകത ചൂണ്ടിക്കാണിച്ച് വെറ്റിനറി സർജന് നൽകിയ ഓഡിറ്റ് എൻക്വയറി (8/ 20.6.2017 )ന് നൽകിയ മറുപടിയിൽ ആയത് ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 3-18 മരുന്നുകൾ മുഴുവനും ലഭ്യമാക്കിയില്ല

പ്രൊജക്ട് - ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ

നം - S0037/17

അടങ്കൽ - 6,00,000

ബിൽ നം. 1/26-10-2016 : 5,00,000

ബിൽ നം. 2/15-02-17 1 : 1,00,000

ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങുന്നതിന് മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം ഔഷധി, തൃശ്ശൂരിന് 6,00,000 രൂപ മുൻകൂറായി നൽയിരുന്നു.

ഇൻവോയ്സ് നം. 2277/14-11-2016 പ്രകാരം 4,37,308 രൂപയുടെ മരുന്നും, ഇൻവോയ്സ് നം. 2912/31-12-2016 പ്രകാരം 33,626 രൂപയുടെ മരുന്നും ഉൾപ്പടെ 4,70,934രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്.

1,29,066 രൂപയുടെ മരുന്ന് കൂടി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കാത്ത ചെലവു തുക 1,29,066/- രൂപ തടസ്സം ചെയ്യുന്നു.

## 3-19 രശീതികൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളിൽ വിത്ത്, ഗ്രോബാഗ് എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് തുക നൽകുന്നതിനായി പണം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് രശീതി ലഭ്യമാക്കിയിട്ടില്ല.

| ക്രമ. നം. | ബിൽ/ചെക്ക് നം.,തുക | പ്രൊജക്ട് | സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 2/16-02-17 : 13,19,500 | S0053/17 ജൈവ ഗ്രാമം - നെൽകൃഷി വികസനം | കേരള സ്റ്റേറ്റ് സീഡ് ഡവലപ്പ്മെൻറ് അതോറിറ്റി, അയ്യന്തോൾ | 3,20,400 |
| 2 | 3/16-02-17: 2,56,000 | S0054/17 ജൈവഗ്രാമം - നെൽകൃഷി വികസനം (പട്ടിക ജാതി) | കേരള സ്റ്റേറ്റ് സീഡ് ഡവലപ്പ്മെൻറ് അതോറിറ്റി, അയ്യന്തോൾ | 96,000 |
| 3 | 4/16-02-17: 50,000 | S0056/17 വീട്ടുകളിൽ ജൈവ കൃഷി വ്യാപനം | S.K.അഗ്രി ഏജൻസീസ്, കരിങ്കല്ലത്താണി. | 50,000 |
| ആകെ | | | | 4,66,400 |

രശീതികൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 4,66,400 രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ | അഡ്വാൻസ് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| KSEB | ചോലപ്പറമ്പ് റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21600964/ 17-03-2017 | 6328 | - | 6328 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

അഡ്വാൻസ് നൽകിയിട്ടില്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,00,000 |
| നിക്ഷേപത്തിന്റെ വിവരം | എഫ്.ഡി.നം. 10639/15-12-2016<br>പുലാമന്തോൾ കോ-ഓപ്പ് അർബൻ ബാങ്ക് |
| ആകെ | 2,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച **2,39,512** രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1997-98 | 26,27,31, 32,34 | 40,000 | ശ്രീ.തങ്കസ്വാമി, (മുൻസെക്രട്ടറി) ചന്തപ്ളാവില പുത്തൻവീട്, മുള്ളൂർ | 11605400001/11.04.2016 |
| | -ടി- | 10,800 | -ടി- | 11605400002/11.0416 |
| | -ടി- | 9530 | -ടി- | 11605400003/30.04.16 |
| | -ടി- | 9530 | -ടി- | 11605400008/07.06.16 |
| | -ടി- | 9530 | -ടി- | 11605400009/30.06.16 |
| | -ടി- | 9530 | -ടി- | 11605400011/12.08.16 |
| | -ടി- | 9530 | -ടി- | 11605400024/28.09.16 |
| | -ടി- | 9530 | -ടി- | 11605400027/10.11.16 |
| | -ടി- | 9530 | -ടി- | 11605400028/29.11.16 |
| | -ടി- | 9530 | -ടി- | 11605400029/29.11.16 |
| 2013-14<br>14-15 | 2(2)<br>11(4) | 612 | ശ്രീ. ഹൈദരാലി | 11605102378/16.08.16 |
| | 2(2)(3)1 | 744 | ശ്രീ. മുഹമ്മദ് അൽതാഫ് | 11605102444/17.08.16 |
| | 2(2)(3)2 | 849 | ശ്രീ. മുഹമ്മദ് അബ്ദുൽ റഷീദ് | 11605102445/17.08.16 |
| | 2(2)(3)6 | 504 | ശ്രീ. വിനോദ് കുമാർ | 11605102451/17.08.16 |
| | 3(13) | 3196 | ശ്രീ. മുസ്തഫ | 11605102239/08.08.16 |

| | | | | |
|---|---|---|---|---|
| | 3(4) | 5000 | അസി. എഞ്ചിനീയർ | 11605102613/25.08.16 |
| | 2(2)2 | 763 | ശ്രീ. മുരളി. സി. | 11605102939/07.09.16 |
| | 2(4) | 1250 | ശ്രീ. സൈദ് മുഹമ്മദ്, എ.ഇ. | 11605103340/29.09.16 |
| | 2(2)1 | 2025 | ശ്രീ. മുഹമ്മദ് അബ്ദു | 11605102942/07.09.16 |
| | 21(1) | 7920 | ശ്രീ. സി.പി. ഇബ്രാഹിം | 11605111148/30.03.17 |
| | | 2164 | ശ്രീ. ഹൈദ്രോസ് ഹാജി | 116051108856/28.03.17 |
| | 2(1)3 | 7920 | ശ്രീ. സി.പി. ഇബ്രാഹിം | 11605111148/30.03.17 |
| | 3(6) | 5250 | ശ്രീ. ഷിഹാബ് | 11605111423/31.03.17 |
| 2012-13 | 2(3) | 9485 | ശ്രീ. ഹസൻ കുട്ടി | 11605108816/25.02.16 |
| 2009-10<br>2010-11 | 3(10)<br>3(11) | 64790 | ശ്രീ. മാത്യു കെ തയ്യിൽ | 11605400031/13.02.17 |
| | | **2,39,512** | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 27 | 1999 | 40 | മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് - ഉയർന്ന നിരക്ക് നൽകി | ബഹു: നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2001-02 | 17 | 04-05 | പൊതു പരാമർശങ്ങൾ | കുടിവെള്ള പദ്ധതി - നടത്തിപ്പ് ചെലവ് തനത് ഫണ്ടിൽ നിന്ന് പണം ചെലവഴിച്ചു | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 71897285 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63526019 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 121412 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4302491 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3(1) | | 9,175 | ശ്രീ അരുൺ. വി, അസി.എഞ്ചിനീയർ |
| 3(3) | | 28,162 | ശ്രീ അരുൺ. വി, അസി.എഞ്ചിനീയർ |
| 3(4) | | 14,075 | ശ്രീ അരുൺ. വി, അസി.എഞ്ചിനീയർ |
| 3(8) | | 50,000 | ശ്രീ . നാരായണൻ.എ.എം, അസി. സെക്രട്ടറി |
| 3(9) | | 20,000 | ശ്രീ .പി.കെ.ഖാലിദ്, സെക്രട്ടറി |
| ആകെ | | 121412 | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(7) | 856000 | ശ്രീ അരുൺ. വി, അസി.എഞ്ചിനീയർ |
| 3(12) | 2571025 | ശ്രീ .പി.കെ.ഖാലിദ്, സെക്രട്ടറി |
| 3(15) | 200000 | ഡോ. ബവിത, മെഡി.ഓഫീസർ, പി.എച്ച്.സി. |
| 3(16) | 30000 | ഡോ. ബവിത, മെഡി.ഓഫീസർ, പി.എച്ച്.സി. |
| 3(17) | 50000 | ഡോ. റൂബി വിദ്യാധരൻ, വെറ്റി.സർജൻ |
| 3(18) | 129066 | ഡോ.ഷംസാദ്, മെഡി.ഓഫീസർ (ജി.എ.ഡി.) |
| 3(19) | 466400 | ശ്രീ. ഉണ്ണികൃഷ്ണൻ, കൃഷി ഓഫീസർ |
| ആകെ | 43,02,491 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ അരുൺ. വി, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് | കടമ്പോട്ട് പാടത്ത് ഹൗസ്,<br>ചെരക്കാപ്പറമ്പ് പി.ഒ.<br>അങ്ങാടിപ്പുറം,മലപ്പുറം ജില്ല |
| ശ്രീ . നാരായണൻ.എ.എം, അസി. സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് | അഴകപ്പുറ മന,<br>തിരുവേഗപ്പുറ,<br>പാലക്കാട് ജില്ല |
| ശ്രീ .പി.കെ.ഖാലിദ്, സെക്രട്ടറി | സെക്രട്ടറി, പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് | പൂവ്വക്കുറുശ്ശി ഹൗസ്,<br>കൈപ്പുറം പി.ഒ.<br>നടുവട്ടം, പാലക്കാട് ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 95-96 | എൽ.എഫ്.എം.14/1010/97/19-10-2010 | 21 |
| 1997-98 | എൽ.എഫ്.എം.13/3275/14/11-12-14 | 07 |
| 1998-99 | എൽ.എഫ്.എം.13/3276/14/11-12-14 | 08 |
| 1999-2000 | എൽ.എഫ്.എം.13/3277/14/11-12-14 | 38 |
| 2000-01 | എൽ.എഫ്.എം.13/3278/14/11-12-14 | 03 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.11/1402/03/19-10-10 | 10 |
| 2001-02 (വരവ്) | എൽ.എഫ്.എം.1010/09/19-10-10 | 3 |
| 02-03 | എൽ.എഫ്.എം.12/583/08/19-10-10 | 14 |

| | | |
|---|---|---|
| 03-04 | എൽ.എഫ്.എം.12/584/08/19-10-10 | 4 |
| 04-05 | എൽ.എഫ്.എം.17/1822/10/01-12-10 | 3 |
| 05-06 | എൽ.എഫ്.എം.12/586/08/19-10-10 | 9 |
| 06-07 | എൽ.എഫ്.എം.12/587/08/19-10-10 | 15 |
| 07-08 | എൽ.എഫ്.എം.12/1332/11/21-11-11 | 15 |
| 08-09 | എൽ.എഫ്.എം.12/1333/11/11-10-11 | 19 |
| 09-10, 10-11 | എൽ.എഫ്.എം.13/2532/13/17-01-14 | 10 |
| 11-12, 12-13 | കെ.എസ്.എ.എം.പി.എം.13/2745 /15/22.04.16 | 23 |
| 13-14, 14-15 | കെ.എസ്.എ.എം.പി.എം.27/1873 /16/28.07.16 | 34 |
| 15-16 | കെ.എസ്.എ.എം.പി.എം.27/2999 /16/09.01.17 | 20 |

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.എം.പി.എം..........................

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി : ..................................

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 31.03.2017 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം.

# Annexure 1

# Audit Certificate

No. KSAMPM.27/1402/2017

Kerala State Audit Department,

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated. 15-07-2017

CERTIFICATE

Certified that I have examined the Annual Financial Statement of **Pulamanthol** Grama Panchayat for the year ended on 31-03-2017 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Pulamanthol** Grama Panchayat for the year 2016-17 except the observations in my audit report, properly presents the picture of income and expenditure.

**DEPUTY DIRECTOR**

**KERALA STATE AUDIT DEPARTMENT**

**DISTRICT AUDIT OFFICE, MALAPPURAM.**